എ.എൽ.പി സ്കൂൾ ഭൂദാൻ കോളനി

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

### ഓരോ കുട്ടിയും മികവിലേക്ക്...

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



# എ.എൽ.പി സ്കൂൾ ഭൂദാൻ കോളനി



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025

## ഉള്ളടക്കം


| നമ്പർ | തലക്കെട്ട് | പേജ് |
|---|---|---|
| 1 | ആമുഖം | 04 |
| 2 | അടിസ്ഥാന വിവരങ്ങൾ | 05 |
| 3 | ചരിത്രം | 06 |
| 4 | അധ്യാപകർ | 07 |
| 5 | ലക്ഷ്യങ്ങൾ | 08 |
| 6 | അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ | 09 |
| 7 | വിദ്യാലയവികസന കാഴ്ചപ്പാട് | 10 |
| 8 | അടിസ്ഥാന ലക്ഷ്യങ്ങൾ | 12 |
| 9 | അക്കാദമിക മോണിറ്ററിംഗ് –വിലയിരുത്തൽ | 16 |
| 10 | പ്രവർത്തന പദ്ധതികൾ | 18 |
| | മലയാളം | 18 |
| | ഇംഗ്ലീഷ് | 21 |
| | പരിസരപഠനം | 23 |
| | ഗണിതം | 27 |
| | അറബിക് | 30 |
| | കമ്പ്യൂട്ടർ പഠനം | 32 |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലെ പഠനനിലവാരംമെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ ഓരോ സ്കൂളുകളും തയ്യാറാക്കുന്നത് പുതിയ വിദ്യാഭ്യാസ നയങ്ങൾക്ക് അനുസരിച്ച് കൈവരിക്കേണ്ട അക്കാദമിക മികവുകൾക്കൊപ്പം ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ചയ്ക്ക് സഹായകമാകുന്ന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ കൊണ്ടുപോവാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കലും ആണ് അക്കാദമിക് മാസ്റ്റർ പ്ലാനിലെ പ്രധാന ലക്ഷ്യം, വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നത് പ്രധാനമായും ഓരോ വിദ്യാലയത്തിന്റെയും അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ്

കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ഈ അധ്യയനവർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്താനും അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും മികച്ച വഴികാട്ടിയാകുമെന്ന് ഉറപ്പോടെ........

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എ.എൽ.പി സ്കൂൾ ഭൂദാൻ കോളനി |
| മേൽവിലാസം | : ഭൂദാൻ കോളനി, പോത്തുകല്ല് ,മലപ്പുറം |
| ഫോൺ | : 9495017590 |
| സ്കൂൾ കോഡ് | : 48402 |
| വിദ്യാഭ്യാസ ഉപജില്ല | : നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി.ആർ.സി. | : നിലമ്പൂർ |
| സി.ആർ.സി. | : മുണ്ടേരി |
| ഗ്രാമപഞ്ചായത്ത് | : പോത്തുകല്ല് |
| ബ്ലോക്ക് പഞ്ചായത്ത് | : നിലമ്പൂർ |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാമണ്ഡലം | : നിലമ്പൂർ |
| ലോകസഭാമണ്ഡലം | : വയനാട് |
| താലൂക്ക് | : നിലമ്പൂർ |
| വില്ലേജ് | : പോത്തുകല്ല് |
| ഇ–മെയിൽ വിലാസം | : alpsbhoodancolony@gmail.com |
| Facebook | : Alps Bhoodan Colony |
| Youtube | : ALPS BHOODAN COLONY |
| സ്കൂൾ വിക്കി | : Bhoodan Colony A.L.P.S |

# ചരിത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ കിഴക്കേയറ്റത്ത് മലയോര കുടിയേറ്റ മേഖലയായ ഭൂദാൻ കോളനി എന്ന ഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഭൂദാനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആചാര്യ വിനോബഭാവെ നിലമ്പൂർ കോവിലകത്തു നിന്നും ദാനമായി ഏറ്റെടുത്ത ആയിരം ഏക്കർ ഭൂമി 140 കുടുംബങ്ങൾക്കായി വീതിച്ചുനൽകി . അങ്ങനെ ഈ ഗ്രാമം രൂപീകൃതമായി.

മൂന്നു ഭാഗം ചാലിയാർ പുഴയാൽ ചുറ്റപ്പെട്ടും, ഒരുഭാഗം വനത്താൽ ചുറ്റപ്പെട്ടും കിടക്കുന്ന ഈ ഗ്രാമത്തിലെ കുരുന്നുകൾക്ക് വിദ്യയുടെ വെളിച്ചമെത്തിക്കാൻ 1963–ൽ ഏകധ്യാപക വിദ്യാലയം കണക്കെ ശ്രീ. ശ്രീധരൻ മാഷ് ആണ് തുടക്കം കുറിച്ചത് .സ്കൂളിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ചവരിൽ ഈ വിദ്യാലയത്തിലെ ആദ്യകാല അധ്യാപിക കൂടിയായ ശ്രീമതി. സരോജിനി ടീച്ചറുടെയും പങ്ക് വലുതാണ്.വർഷങ്ങളോളം ശമ്പളമോ പ്രതിഫലങ്ങളോ ഇല്ലാതെ ഈ നാട്ടിലെ കുഞ്ഞുങ്ങൾക്ക് വിദ്യപകരാനായി അവർ സന്നദ്ധരായി. ആദ്യകാലത്ത് ശ്രീ. പൊന്നുണ്ണി രാജയുടെയും പിന്നീട് സർവോദയ സംഘത്തിൻെറയും മേൽനോട്ടത്തിലാണ് ഈ സ്കൂളിൻെറ നടത്തിപ്പ് . ഇന്ന് വിശാലമായ കളിസ്ഥലം ,ചിൽഡ്രൻസ് പാർക്ക് , കുട്ടികളുടെ യാത്രാ സൗക രൃത്തിനായി സ്കൂൾ ബസ്, പ്രീ–പ്രൈമറി മുതൽ 4–ാം ക്ലാസുവരെ 5 ഏക്കർ സ്ഥലത്ത് ഒരു സ്കൂളിനു വേണ്ട എല്ലാ ഭൗതിക സൗകര്യങ്ങളോടും കൂടി പ്രവർത്തിച്ചുവരുന്നു.

# എ.എൽ.പി സ്കൂൾ ഭൂദാൻകോളനി

## 2025 - 26



ഷേർളി ചാക്കോ
(ഹെഡ്മിസ്ട്രസ്)



ജ്യോതി കെ ആർ



മിനിമോൾ സി കെ



ശിവദാസ് എം



സുമിത്ര എ



ഐശ്വര്യ പി എസ്



അരവിന്ദ് കെ



അതുൽ കെ എസ്



ഹംസ പി



ഗായത്രി



അജിത എൻ



നാജിയ സി പി

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക
- ഓരോ കുട്ടിയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടി എന്ന് ഉറപ്പുവരുത്തുക
- വായനാശീലം വളർത്തുന്നതിന് ആവശ്യമായ വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിലൂടെ വായന ഒരു സംസ്കാരമായി വളർത്തിയെടുക്കുക
- ആധുനിക വിവരസാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിലൂടെ മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക
- വിദ്യാലയം ഒരുപാഠ പുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണത്തിനായി ജൈവവൈവിധ്യ കലവറയായി വിദ്യാലയ പരിസരത്തെ മാറ്റും
- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം നൽകും
- ഓരോ പാഠഭാഗത്തിലും കുട്ടി നേടേണ്ട ശേഷികൾ മുൻകൂട്ടി രക്ഷിതാക്കളെ അറിയിക്കുന്നതിന്റെ ഭാഗമായി സിപിടിഎ സംഘടിപ്പിക്കും
- അക്കാദമിക് സപ്പോർട്ടിനായി പാഠഭാഗവുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം വർക്ക്ഷീറ്റുകൾ നൽകും
- ഓരോ ക്ലാസിലും വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കി അവ നവമാധ്യമങ്ങളിലൂടെ പങ്കുവെയ്ക്കും
- കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന് ആവശ്യമായ കായിക പ്രവർത്തനങ്ങൾ ലഘു വ്യായാമങ്ങൾ എന്നിവയിൽ കൃത്യമായതും ചിട്ടയായതുമായ പരിശീലനം ഉറപ്പുവരുത്തും

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

**നേട്ടങ്ങൾ**

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന അധ്യാപകർ
- സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി കമ്പ്യൂട്ടർ പഠന സൗകര്യം
- ശ്രദ്ധ പദ്ധതി ഓരോ കുട്ടിയെയും മികവിലേക്ക് എത്തിക്കുന്നു
- കലാപഠനം കായിക പഠനം പ്രവർത്തിപരിചയം എന്നിവയ്ക്ക് ആവശ്യാനുസൃതമായി കൃത്യമായ പരിശീലനം
- പഠന പിന്തുണ നൽകി ഓരോ കുട്ടിയെയും ഒന്നാമൻ ആക്കാൻ ആയി പ്രത്യേക പരിശീലനം
- ഈസി ഇംഗ്ലീഷ് – ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങളുടെ പാക്കേജ്
- പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ നല്ല രീതിയിൽ നടത്തുന്നു
- ജൈവവൈവിധ്യ അന്തരീക്ഷം നിലനിർത്തി പരിസര സൗഹൃദ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നു

**പരിമിതികൾ**

- മുഴുവൻ കുട്ടികൾക്ക് അടിസ്ഥാനശേഷികൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല ആവശ്യമായ പ്രവർത്തനങ്ങൾ നൽകിവരുന്നു
- ഐടി ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഉപയോഗിക്കാൻ എല്ലാവർക്കും കഴിയുന്നില്ല
- പഠന പിന്നോക്കാവസ്ഥ പൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല കൂടുതൽ പ്രവർത്തനങ്ങൾ നൽകി വരുന്നുണ്ട്

## വിദ്യാലയ വികസന കാഴ്ചപ്പാട്.

അക്കാദമിക മികവിലൂടെ വിദ്യാലയത്തിന്റെ മികവ് ലക്ഷ്യമാക്കി നിലവിലുള്ള അക്കാദമിക പരിമിതികൾ കണ്ടെത്തുകയും അത് പരിഹരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. ശിശു സൗഹാർദവും പ്രവർത്തന അധിഷ്ഠിതവും പഠന അനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ ഒരു പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവനം ചെയ്യുന്നു. എല്ലാ നിലവാരക്കാരെയും പരിഗണിച്ചുകൊണ്ടുള്ള പദ്ധതിയാണ് ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വാർഷിക കലണ്ടർ മാസ കലണ്ടർ എന്നിവ തയ്യാറാക്കി സ്കൂളിലെ എസ് ആർ ജി ക്ലാസ് അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ പദ്ധതിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. PTA, പൂർവ വിദ്യാർത്ഥികൾ, SSG, തുടങ്ങിയ കൂട്ടായ്മകളെ ഉൾപ്പെടുത്തി ആസൂത്രണ നിർമ്മാണ മേഖലകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

ഔഷധത്തോട്ടം

ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങളെ കുട്ടികൾക്ക് എല്ലാവർക്കും മനസ്സിലാക്കുന്നതിന് വേണ്ടി 'പ്രകൃതി ഔഷധം ' എന്ന പ്രവർത്തനത്തിലൂടെ വിഭാവനം ചെയ്യുന്നു. സ്കൂളിൽ പ്രത്യേക സ്ഥലം ഒരുക്കി വിവിധ ഔഷധസസ്യങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നട്ടുവളർത്തുന്നു ഔഷധസസ്യങ്ങളെ കുറിച്ചുള്ള അറിവ് നേടുന്നതിന് സഹായകമാകുന്നു.

മധുര വായന

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ പുതിയൊരു വായന സംസ്കാരം കുട്ടികൾ എത്തിക്കാൻ പദ്ധതിയുണ്ട് സ്കൂൾ ലൈബ്രറി നവീകരണം ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ,വീട്ടിൽ ഒരു ലൈബ്രറി,ഗ്രാമീണ ഗ്രന്ഥശാലകളിൽ അംഗത്വം എടുക്കൽ എന്നീ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടക്കുന്നു.

മോഡൽ പാർലമെന്റ്

ജനാധിപത്യ ബോധവും വിമർശനാത്മക ചിന്തയും കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ മോഡൽ പാർലമെന്റിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആരംഭിച്ച വർഷാവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ ഒരു പ്രവർത്തന പദ്ധതിയാണ് മോഡൽ

പാർലമെന്റ്. നേതൃത്വ ഗുണം പ്രശ്ന പരിഹരണ ശേഷി ആത്മവിശ്വാസം എന്നിവ വളർത്തിയെടുക്കുന്നതിലൂടെ സംവാദാത്മക പഠനത്തിന് ഈ പദ്ധതി പ്രയോജനപ്പെടുന്നു.

## ICT അധിഷ്ഠിത പഠനം

സ്കൂളിലെ 3 4 ക്ലാസിലെ കുട്ടികൾക്ക് ആധുനിക വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് പരിശീലനം നൽകുന്നു.

## Easy English

മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലെ communication skill വളർത്തുന്നതിനു വേണ്ടി പ്രത്യേക പ്രവർത്തന പദ്ധതി ലക്ഷ്യമെടുന്നു. Simple grammar,games narration,description എന്നിവ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

# അടിസ്ഥാന ലക്ഷ്യങ്ങൾ

ഭാഷാ വികസനം

- എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികളെയും അവരവരുടെ നിലവാരത്തിന് യോജിച്ച തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക
- സാഹിത്യാഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
- ഭാഷാശേഷി വികാസത്തിനായി നൂതന സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- മികച്ച വായനാശീലം വളർത്തുക

English

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക
- ഇംഗ്ലീഷ് വായനയ്ക്ക് അവസരം നൽകുക
- ഇംഗ്ലീഷ് ഡിസ്കോഴ്സ് പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുക
- സ്വതന്ത്ര വായന എഴുത്ത് എന്നിവയ്ക്ക് എല്ലാവരെയും പ്രാപ്തരാക്കുക
- ക്ലാസ് തല വായനാ മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- പാഠഭാഗങ്ങൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക

പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്രത്തിന്റെ രീതി മനസ്സിലാക്കാനുള്ള അനുഭവം ഒരുക്കുക

- ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്രോപകരണങ്ങൾ പരിചയപ്പെടുക
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുക
- നിരീക്ഷണം പരീക്ഷണം തുടങ്ങിയ മാർഗങ്ങളിലൂടെപ്രകൃതിയെ അറിഞ്ഞു പഠിക്കാനുള്ള അവസരം ഒരുക്കുക
- സാമൂഹിക അവബോധം
- ജനാധിപത്യ വേദികൾ ഒരുക്കുക
- സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം എന്തെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
- ജനാധിപത്യജീവിത സംസ്കാരം വളർത്തിയെടുക്കുക
- ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ

ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും നേടേണ്ട ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിത ചിന്ത യുക്തിചിന്ത പ്രശ്ന വിശകലനം എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി ക്ലാസ് റൂമുകളിൽ പ്രയോജനപ്പെടുത്തുക
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക
- കുട്ടികൾക്ക് സ്വതന്ത്രമായി ഐടി ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവർത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
- പ്രവർത്തിപരിചയത്തെ മറ്റു വിഷയങ്ങളുമായി ബന്ധിപ്പിച്ച് പഠിക്കാനുള്ള അവസരം ഉണ്ടാക്കുക

കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ നൽകുക
- ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗിക്കുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക
- ഓരോ കുട്ടിയും മികവിലേക്ക് എന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായിക ക്ഷമത
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
- സ്കൂൾ മാലിന്യമുക്തമാക്കുക ഹരിതാഭം ആക്കുക

അറബിക്

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
- അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക
- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കുക

ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

ലക്ഷ്യങ്ങൾ

- പഠനപ്രക്രിയയിലും അറിവു നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക
- സാങ്കേതികവിദ്യയുടെ സാധ്യതകൾ  മനസ്സിലാക്കുന്നതോടൊപ്പം സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക
- കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കുക
- ഓരോ കുട്ടിക്കും ആധുനിക വിവരസാങ്കേതികവിദ്യയിൽ വേണ്ടത്ര ജ്ഞാനം ഉറപ്പാക്കുകയും കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക

പ്രവർത്തനങ്ങൾ

- പുസ്തകങ്ങളും പഠന സാമഗ്രികളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നത് വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കും.
- മലയാളം അക്ഷരങ്ങൾ എഴുതാൻ പഠിക്കുന്നു, അതിലൂടെ ചിഹ്നങ്ങളും ഉറ ക്കുന്നു

# അക്കാദമിക് മോണിറ്ററിംഗ് വിലയിരുത്തൽ

അക്കാദമിക് മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി കൃത്യമായ മോണിറ്ററിംഗും വിലയിരുത്തലും നടത്തുന്നു. കുട്ടികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ കൃത്യമായ വിലയിരുത്തലും രേഖപ്പെടുത്തലും നടത്തുന്നു

എല്ലാ ആഴ്ചകളിലും എസ്ആർ ജി മീറ്റിംഗ് സംഘടിപ്പിച്ച് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ് റൂം ഇടപെടലിന്റെയും ഗുണവും നിലവാരവും വിലയിരുത്തുകയും കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുകയും ചെയ്യേണ്ടതുണ്ട്, ഓരോ പ്രവർത്തനത്തിന്റെയും പുരോഗതി അളക്കുന്നതിനുള്ള വ്യക്തമായ സൂചകങ്ങൾ നിർവചിക്കുകയും അവയുടെ അടിസ്ഥാനത്തിൽ കൃത്യമായ വിലയിരുത്തലുകൾ നടത്തുകയും ആണ് ചെയ്യേണ്ടത്

മോണിറ്ററിംഗ് കൃത്യമായ ഇടവേളകളിൽ നടത്തുകയും പുരോഗതികളും പോരായ്മകളും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്

മാസ്റ്റർ പ്ലാൻ വിശദമായി അവലോകനം ചെയ്യുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടതുണ്ട്

അധ്യാപകർ ക്ലാസ് പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ഓരോ കുട്ടിയുടെയും നിലവാരത്തിന് ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു

എസ് ആർ ജി മീറ്റിംഗുകളിൽ വിഷയതല മാസ്റ്റർ പ്ലാനിന്റെ നടപ്പാക്കൽ വിലയിരുത്തുകയും കുട്ടികൾ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു

കുട്ടിയുടെ അറിവ്, പ്രക്രിയ ശേഷി, പഠനപ്രവർത്തനങ്ങളിലെ പങ്കാളിത്തം, ആശയവിനിമയശേഷി എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക. ഇതിൽ നിന്നും കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുന്നതാണ് ഇങ്ങനെ വിലയിരുത്തുന്നതിലൂടെ അധ്യാപകർക്ക് അവരുടെ പഠന രീതികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായകമാവുകയും കുട്ടിയുടെ പഠനപുരോഗതിയെ വേണ്ട രീതിയിൽ പിന്തുണയ്ക്കാനും കഴിയും

# പ്രവർത്തന പദ്ധതി

## മലയാളം

**പ്രവർത്തനം : 1**
പേര് : വായനയുടെ ലോകത്തേക്ക്
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടത യോടെയും വായിക്കുന്നതിലൂടെ കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ○ പ്രീ ടെസ്റ്റ്<br>○ ക്ലാസ് ലൈബ്രറി വിപുലീകരണം<br>○ 'ശ്രദ്ധ' – ഓരോ കുട്ടിയെയും മികവിലേക്ക് എത്തിക്കുന്നു<br>○ ശില്പശാല– വായന കാർഡ് നിർമ്മാണം, അക്ഷര കാർഡ് നിർമ്മാണം ചിത്ര കാർഡ് നിർമ്മാണം | ജൂൺ<br>ജൂൺ<br>ജൂൺ – ഡിസംബർ<br>ആഗസ്റ്റ് – സെപ് തംബർ | അധ്യാ പകർ<br>സി പിടിഎ<br>സി പിടിഎ |

**പ്രവർത്തനം : 2**
പേര് : സ്കൂൾ ലൈബ്രറി
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ○ മികച്ച വായനാശീലം വളർത്തുക<br>○ റീഡേഴ്സ് തിയറ്റർ( വായന താൽപര്യം വളർത്തൽ വ്യക്തിത്വ വികസനം ) | • ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ക്ലാസ് മുറികളിൽ പ്രത്യേകം വായന കോർണർ ഒരുക്കുന്നു<br>• സ്കൂൾ ലൈബ്രറി വിപുലീകരണം– ലൈബ്രറി പുസ്തകവിതരണം വായനാക്കുറിപ്പ് തയ്യാറാക്കൽ, പത്ര വായന<br>• വായിക്കാം വളരാം.... വായനോത്സവം– സംഭാഷണ ശൈലി | ജൂൺ – മാർച്ച്<br>ജൂൺ – മാർച്ച് | അധ്യാ പകർ |

| | | | |
|---|---|---|---|
| | ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ചുള്ള വായനയുടെ അവതരണം നടത്തുന്നു | ജൂൺ – മാർച്ച് | |

**പ്രവർത്തനം : 3**
പേര് : എഴുതാം തെളിയാം
മേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നതിലൂടെ എഴുത്തിനെ പരിപോഷിപ്പിക്കുന്നു. | • ഓരോ മാസത്തിലെയും മികച്ച പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധരചനാരൂപങ്ങൾ തയ്യാറാക്കുന്നു<br>• സചിത്ര നോട്ടുബുക്ക്<br>• സംയുക്ത ഡയറി<br>• രചനോത്സവം<br>• കൂട്ടെഴുത്ത് പരിപോഷിപ്പിക്കൽ<br>• ക്ലാസ് പത്രം തയ്യാറാക്കൽ | ജൂൺ – മാർച്ച്<br><br>ജൂൺ – മാർച്ച്<br><br>ഒക്ടോബർ–ഫെബ്രുവരി | അധ്യാപകർ<br><br>സി പിടിഎ<br><br>അധ്യാപകർ<br><br>സി പിടിഎ<br><br>അധ്യാപകർ |

**പ്രവർത്തനം : 4**

പേര് : ഭാഷോത്സവം

മേഖല : സർഗാത്മകത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ▪ ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുന്നു<br>▪ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ വേദികളിൽ അവതരിപ്പിക്കുന്നു<br>▪ ഭാഷാനൈപുണ്യം പ്രകടിപ്പിക്കുന്നു | • പ്രസംഗം കഥപറയൽ കവിതാപാരായണം എന്നീ ആശയവിനിമയ രൂപങ്ങൾ സർഗ്ഗവേളകളിൽ അവതരിപ്പിക്കുന്നു ഇതിലൂടെ ഭാഷാ മികവ് പ്രകടിപ്പിക്കാനുള്ള അവസരം<br>• കുട്ടികൾ പഠിച്ച പാഠഭാഗങ്ങളിലെ കഥകൾ കവിതകൾ ദൃശ്യാവിഷ്കാരം ഉൾപ്പെടുത്തി അരങ്ങ് ഒരുക്കുന്നു | ജൂൺ – മാർച്ച് | അധ്യാപകർ |

## ENGLISH

Activity 1

- Easy to understand English
- Understand the basic things of English like phonic sounds

| Aim | Activity | Duration | Charge |
|---|---|---|---|
| • To memorize alphabets and phonic sounds | ➢ pre-test<br>➢ Write alphabets and its sounds with the help of some videos<br>➢ Introduce some simple spoken English methods in our daily classroom activities | June<br><br>June - march | Teacher |

Activity 2

- English assembly

| Aim | Activity | Duration | Charge |
|---|---|---|---|
| ➢ To develop communication skill | ➢ Arrange English assembly once in a month<br>➢ Classroom communication should be in English<br>➢ Describe orally about the pictures and objects | June - march<br><br>June - march | Teacher |

Activity 3

- English diary

| Aim | Activity | Duration | Charge |
|---|---|---|---|
| ➢ To develop writing skill in English | ➢ Write daily diary in English<br>➢ Make English magazines in every month<br>➢ Make dictionary to increase vocabulary and languages of the students<br>➢ Give some worksheets related to each chapter | June - march<br><br>June - march | Teacher |

Activity 4

- Reading card workshop

| Aim | Activity | Duration | Charge |
|---|---|---|---|
| ➢ To Improve quality of English language and some discourses in English | ➢ To arrange workshop with the help of parents connecting with make some reading cards<br>➢ All students are performed some conversation choreography etc | June - march<br><br>June - march | Teacher |

# പരിസര പഠനം

**പ്രവർത്തനം : 1**
പേര് : പ്രകൃതി നടത്തം
മേഖല : നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ നിരീക്ഷണം – അറിവു നിർമ്മാണം<br>➢ നമ്മുടെ ചുറ്റുപാടിനെ കുറിച്ച് അവബോധം ഉണ്ടാക്കുക.<br>➢ ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം. | ➢ പ്രകൃതി നടത്തം (സ്കൂൾ പരിസരം വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം)<br>➢ വർക്ക്ഷോപ്പ് ( പരിസര പഠന കിറ്റ് നിർമ്മാണം) | ജൂൺ<br><br>ജൂലായ് | അധ്യാപകർ<br><br>സി പിടിഎ |

**പ്രവർത്തനം : 2**
പേര് : പ്രകൃതിയെ അറിയാം....സംരക്ഷിക്കാം
മേഖല : നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ പ്രകൃതി ചൂഷണത്തിനെ ക്കുറിച്ചുള്ള ധാരണ വളർത്തുന്നു.<br>➢ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നു | ➢ മണ്ണ്,ജലം,വായു എന്നിവ സംരക്ഷിക്കാൻ ആവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുക സ്ഥാപിക്കുക.<br>➢ വിദ്യാലയത്തിലെ മാലിന്യങ്ങൾ (ജൈവം,അജൈവം) തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകൽ. | ജൂലായ്<br><br>ജൂൺ – മാർച്ച് | അധ്യാപകർ<br><br>അധ്യാപകർ |

| | | | |
|---|---|---|---|
| | ➢ ഹരിത കർമ്മ സേന പ്രവർത്തകരുമായി അഭിമുഖം നടത്തൽ. | സെപ്തംബർ | |

**പ്രവർത്തനം : 3**
പേര് : ശാസ്ത്ര മൂല
മേഖല : ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ശാസ്ത്ര പഠനത്തിൽ താല്പര്യം ഉണർത്തൽ<br>➢ അന്വേഷണാത്മകപഠനം പരിപോഷിപ്പിക്കാൻ. | ➢ ശാസ്ത്ര പഠനത്തിന് ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ.<br>➢ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂലായ്<br>ആഗസ്റ്റ് | അധ്യാപകർ<br>സി പിടിഎ |

**പ്രവർത്തനം : 4**
പേര് : ഭൂപടം ഒരുക്കാം
മേഖല : വർഗ്ഗീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ കേരളം,ഇന്ത്യ ഭൂപട വായന സൂചികപരിചയപ്പെടൽ | ➢ ഭൂപടവായന,ഭൂപടം വരക്കൽ, ഭൂപടത്തിലെ സൂചിക മനസ്സിലാക്കി നിർമ്മിക്കൽ. | ഒക്ടോബർ – നവംബർ | അധ്യാപകർ |

**പ്രവർത്തനം : 5**
പേര് : ശാസ്ത്രോത്സവം
മേഖല : ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ➢ പതിപ്പ്,ചാർട്ട് പഠനോപകരണ നിർമ്മാണം, പരീക്ഷണങ്ങൾ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ പ്രദർശനം. | ഒക്ടോബർ – നവംബർ | അധ്യാപകർ |

**പ്രവർത്തനം : 6**
പേര് : ശാസ്ത്ര മാസിക
മേഖല : ശാസ്ത്രാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ➢ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | ഫെബ്രുവരി | അധ്യാപകർ |

**പ്രവർത്തനം : 7**
പേര് : വ്യക്തി ശുചിത്വം പരിസര ശുചിത്വം.
മേഖല : ശുചിത്വാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ പരിസരശുചിത്വത്തോടൊപ്പം വ്യക്തി ശുചിത്വംപാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. | ➢ കൈ കഴുകൽ പരിശീലനം.<br>➢ പോസ്റ്റർ നിർമ്മാണം.<br>➢ ശുചിത്വ സന്ദേശം പതിക്കൽ | ജൂലായ്<br><br>ഒക്ടോബർ – നവംബർ | അധ്യാപകർ |

**പ്രവർത്തനം : 8**
പേര് : എന്റെ പരീക്ഷണം
മേഖല : എന്റെ പരീക്ഷണം – കുറിപ്പ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ശാസ്ത്ര പഠന താല്പര്യം വളർത്തൽ<br>➢ ശാസ്ത്ര മനോഭാവം,ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കുക. | ➢ പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. | ഒക്ടോബർ – മാർച്ച് | അധ്യാപകർ |

# ഗണിതം

**പ്രവർത്തനം : 1**
പേര് : കളിക്കാം... പഠിക്കാം...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ഗണിത പഠനം രസകരമാക്കൽ | ➢ Pre test<br>➢ ഗണിത കേളികളിൽ ഏർപ്പെടൽ( പാമ്പും കോണിയും, ഡയസ് കളി)<br>➢ സങ്കലനം, വ്യവകലനം ഉറപ്പിക്കാനുള്ള കളികൾ( കച്ചവടക്കളി). | ജൂൺ – ജൂലായ് | അധ്യാപകർ |

**പ്രവർത്തനം : 2**
പേര് : ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ചതുരം വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു.<br>➢ പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കുന്നു | ➢ ഈർക്കിൽ കമ്പ് വള എന്നിവ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുന്നു.<br>➢ ശില്പശാല നടത്തുന്നു. | ജൂൺ – ജൂലായ് | അധ്യാപകർ |

**പ്രവർത്തനം : 3**
പേര് : ഗണിത പഠനം രസകരമാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ഗണിത പഠനം സുതാര്യമാക്കൽ. | ➢ ഗണിത മൂല ഒരുക്കൽ ( പഠനത്തിന് ആവശ്യമായ വസ്തുക്കൾ ക്രമീകരിക്കൽ, പഠനത്തിന് ആവശ്യാനുസരണം ഉപയോഗിക്കൽ. | ജൂൺ – മാർച്ച് | അധ്യാപകർ |

**പ്രവർത്തനം : 4**
പേര് : ഗണിത മേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ഗണിതശേഷികളുടെ പ്രകടനം. | ➢ സംഖ്യാ പാറ്റേണുകൾ, മനക്കണക്കുകൾ,നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യൽ<br>➢ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം.<br>➢ ഐസിടി ഉപയോഗിച്ച് കൂടുതൽ ഗണിത കേളികളിൽ ഏർപ്പെടുന്നു. | ജൂൺ – മാർച്ച് | അധ്യാപകർ |

**പ്രവർത്തനം : 5**

പേര് : ഒറിഗാമിയിലൂടെ പഠിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ഗണിതശാസ്ത്ര പഠനം രസകരമാക്കൽ – കര ചലനശേഷി വികാസം. | ➢ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | നവംബർ | അധ്യാപകർ |

ജി.എൽ.പി.സ്കൂൾ ഭൂദാൻ കോളനി
ഗാന്ധിജിയുടെ ആത്മീയ അവകാശി
ഭൂദാൻ കോളനി - 679334

# അറബിക്

| പ്രവർത്തനം : 1<br>മേഖല:- അടിസ്ഥാന ഭാഷാശേഷി വികസനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ➢ അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടുക. | ➢ pre test<br>➢ അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>➢ ചിത്ര വായന.<br>➢ വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ. | നവംബർ | അധ്യാപകർ |

| പ്രവർത്തനം : 2<br>മേഖല:- വായന | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ➢ അറബി ഭാഷ ലക്ഷ്യം വെക്കുന്ന ശേഷികൾ നേടിയെടുക്കുക. ഉച്ചാരണ സ്ഫുടതയോടെ വായിക്കാനുള്ള കഴിവ് നേടുക. | ➢ സംഭാഷണം നടത്തുക<br>➢ വായനാ മത്സരം. സംഘടിപ്പിക്കുക.<br>➢ സ്കൂൾ ലൈബ്രറിയുടെ ഉപയോഗം.<br>➢ അറബിക് വായന മൂല ഒരുക്കൽ.<br>➢ വായനാക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ – മാർച്ച് | അധ്യാപകർ |

**പ്രവർത്തനം : 3**

അറബി രചനോത്സവം

മേഖല :- എഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ അറബി ഭാഷ എഴുത്തിന്റെ പരിപോഷണം. | ➢ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>➢ പദങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടിയെഴുത്ത്<br>➢ അക്ഷര കാർഡ് നിർമ്മാണം<br>➢ കയ്യെഴുത്തു മാസിക<br>➢ ചിത്രത്തിൽ നിന്നും കഥയുണ്ടാക്കി അവതരിപ്പിക്കുന്നു. | ജൂൺ<br>ജൂൺ – മാർച്ച് | അധ്യാപകർ |

**പ്രവർത്തനം : സി പി ടി എ ശാക്തീകരണം**

മേഖല : അക്കാദമികം സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ സി പി ടി എ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും തുടർപ്രവർത്തനങ്ങളിൽ സഹകരണം ഉറപ്പുവരുത്തലും | ➢ സി പി ടി എ യോഗം കാര്യക്ഷമമായി നടത്തൽ<br>➢ കുട്ടികളുടെ പഠന നേട്ടങ്ങൾ പഠന തെളിവുകൾ പഠന വിടവ് എന്നിവ കണ്ടെത്തൽ പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>➢ എല്ലാമാസവും സി പി ടി എ നടത്തൽ | ജൂൺ മാർച്ച് | അധ്യാ പകർ |

# കമ്പ്യൂട്ടർ പഠനം

**പ്രവർത്തനം : 1**
മേഖല:- ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ➢ പഠനപ്രക്രിയയിലും അറിവു നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക<br>➢ സാങ്കേതികവിദ്യയുടെ സാധ്യതകൾ മനസ്സിലാക്കുന്നതോടൊപ്പം സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക<br>➢ കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കുക<br>➢ ഓരോ കുട്ടിക്കും ആധുനിക വിവരസാങ്കേതികവിദ്യയിൽ വേണ്ടത്ര ജ്ഞാനം ഉറപ്പാക്കുകയും | ➢ പുസ്തകങ്ങളും പഠന സാമഗ്രികളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നത് വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ സാധിക്കും.<br>➢ മലയാളം അക്ഷരങ്ങൾ എഴുതാൻ പഠിക്കുന്നു, അതിലൂടെ ചിഹ്ന ങ്ങളും ഉറക്കുന്നു | ജൂൺ - മാർച്ച് | അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക | | | |

ജി.എൽ.പി.സ്കൂൾ ഭൂദാൻ കോളനി
ഗാന്ധിജിയുടെ ആത്മീയ അവകാശി
ഭൂദാൻ കോളനി - 679334

## ഉപസംഹാരം



സ്കൂളിന്റെ വളർച്ചയും പുരോഗതിയും ലക്ഷ്യം വെച്ചുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മ യുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായി പ്രാവർത്തികമാക്കാനും സ്കൂളിന്റെ അക്കാദമികപരമായ മുന്നേറ്റം സാധ്യമാക്കാനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രാപ്തമാണെന്ന വിശ്വാസത്തോടെ......

എ.എൽ.പി സ്കൂൾ ഭൂദാൻ കോളനി